പേനകൾ കഥ പറയുന്നു

സംഗീത ശിൽപങ്ങളും
നാടകങ്ങളും

ഭാരത് ജ്ഞാൻ വിജ്ഞാൻ സമിതി

ഭാരത് ജ്ഞാനവിജ്ഞാന ജാഥയ്ക്കുവേണ്ടി
മലയാളത്തിൽ തയ്യാറാക്കിയ
സ്ക്രിപ്ററുകളാണിവ.
സാക്ഷരതയുടെ സന്ദേശവും ശാസ്ത്രബോധവും
സാമൂഹ്യവീക്ഷണവും വളർത്തിയെടുക്കുന്നതിനുള്ള
ബോധവത്കരണ പരിപാടിയുടെ ഭാഗമാണിത്.
കണ്ണൂർ ജില്ലയിലെ പിണറായിയിൽവച്ച് നടന്ന
പരിശീലനക്കളരിയിൽവച്ചു രൂപംകൊണ്ട
കലാരൂപങ്ങളും സ്ക്രിപ്ററുകളുമാണിവ.
എഴുപത്തഞ്ചോളം കലാകാരന്മാരും എഴുത്തുകാരും
ഒത്തുചേർന്ന് ആഴ്ചകളോളം നീണ്ടുനിന്ന
കൂട്ടായ പ്രവർത്തനത്തിൻെറ ഫലമായി
ഉരുത്തിരിഞ്ഞ ജീവസ്സുററ ആവിഷ്കാരങ്ങളാണിവ.
സാമൂഹ്യസാംസ്കാരിക കലാപ്രവർത്തകരായ
കരിവെള്ളൂർ മുരളി, ജോസ് ചിറമ്മൽ,
പ്രൊഫ. പി. ഗംഗാധരൻ, എൻ. വേണുഗോപാലൻ,
രാജപ്പൻ, ഉണ്ണികൃഷ്ണൻ നെല്ലിക്കാട്,
കോട്ടക്കൽ മുരളി, രാജശേഖരൻ
ടി.വി. വേണുഗോപാൽ എന്നിവരാണ്
പരിശീലനത്തിനു നേതൃത്വം
കൊടുത്തത്.

പേനകൾ കഥ പറയുന്നു ✱ സംഗീത ശിൽപങ്ങളും നാടകങ്ങളും ✱ പ്രസാധനം: ഭാരത് ജ്ഞാൻ വിജ്ഞാൻ സമിതി, കേരള, കോഴിക്കോട്—2 ✱ കമ്പോസിങ്: ബിററ് 'ൻ' ബൈററ്, കോഴിക്കോട് ✱ അച്ചടി: കാലിക്കററ് പ്രിൻറിങ് കോംപ്ലക്സ് ✱ വില: 1 രൂപ

Malayalam ✱ Penakal Katha Parayunnu ✱ Musical dance, one act plays etc ✱
Scripts for Kala Jatha ✱ Published and distributed by BGVS, Kerala, Calicut ✱
Composing: Bit 'N' Byte, Calicut ✱
Price Rs. One

BGVS IE Sept 1990 D 1/8 10 K 0100 LL 13/90

പേനകൾ കഥ പറയുന്നു



എഴുത്താണി	
ഹീറോപെൻ	അധ്യാപകന്റെ
ബോൾപെൻ	സാഹിത്യകാരന്റെ
പെൻസിൽ	കച്ചവടക്കാരന്റെ
സ്ലേററ്പെൻസിൽ	വിദ്യാർത്ഥിയുടെ
സ്വർണ്ണപേന	രാഷ്ട്രീയക്കാരന്റെ

(പേനകൾ രംഗത്തുവന്ന് നിരാശയോടെ സംസാരിക്കുന്നു. എഴുത്താണി പ്രവേശിക്കുന്നു)

എഴുത്താണി: എന്താ അമ്പരന്ന് നോക്കുന്നത്. എന്നെ അറിയില്ലേ? ഓ, നിങ്ങളൊക്കെ കുട്ടികളല്ലേ, ഏറിയാൽ ഒരു നൂറ് വയസ്സുകാണും, എനിക്കല്ല നിങ്ങൾക്ക്. എന്റെ വയസ്സ് എത്രയെന്ന് എനിക്കുതന്നെ അറിയില്ല. ചോദിക്കാനാണെങ്കിൽ കാരണവന്മാർ ഇല്ലതാനും

സംഘം: ആ മനസ്സിലായി. മനസ്സിലായി. എഴുത്താണി മുത്തശ്ശൻ. എഴുത്താണി മുത്തശ്ശൻ. എത്രയെത്ര മഹാന്മാരുടെ കൈകളിൽ താലോലമാടിയിരുന്ന ആളാണ് മുത്തശ്ശൻ. അങ്ങയുടെ ആ കാലം.

എഴുത്താണി: എന്റെ കാലം...... ശൂദ്രം അക്ഷരസംയുക്തം ദൂരത പരിവർജയേത്, മനസ്സിലായില്ല അല്ലേ. അന്നും കുറച്ചുപേർക്കേ സംസ്കൃതം അറിയൂ. കീഴ്ജാതിക്കാർക്കൊക്കെ അക്ഷരം നിഷിദ്ധമായിരുന്നു. വളരെ കുറച്ചു പേരെ എന്നെ ഉപയോഗിച്ചിരുന്നുള്ളൂ. ഇന്നുകാലം മാറിയില്ലേ.

എഴുത്തുകാരന്റെപേന: ഉവ്വ് ഉവ്വ് കാലം മാറി. മുത്തശ്ശനറിയാമോ ഞാനൊരു സാഹിത്യകാരന്റെ പേനയാണ്. സമൂഹത്തിലെ അനീതികൾക്കെതിരെ പോരാടേണ്ടതിനുപകരം പണത്തിനും പദവിക്കും വേണ്ടിയാണിന്നെന്നെ ഉപയോഗിക്കുന്നത്.

(കാഴ്ചബംഗ്ലാവിലെ കാവൽക്കാരൻ വരുന്നു)

കാവൽക്കാരൻ: ഏയ് കെളവാ ഇവിടെ നിക്വാണോ. കണ്ണുതെററിയാലോ കാഴ്ചബംഗ്ലാവിന്റെ മതിലും ചാടി ഇങ്ങ് പോന്നു അ

ല്ലേ. ആൾക്കാര് അവിടെ കാണാൻ ക്യൂ നിൽക്വാ അപ്പോ നീ ഇവിടെ വന്ന് വായിനോക്കി നിക്വാ?

(എഴുത്താണിയെ കൊണ്ടുപോകുന്നു)

കോറസ്: കണ്ടില്ലേ മുത്തശ്ശന്റെ ഒരു സ്ഥിതി!

കച്ചവടക്കാരന്റെ പേന: എന്റെ സ്ഥിതിയും മറിച്ചല്ല. കച്ചവടക്കാരന്റെ പരുക്കൻ മനസ്സിനിടയിൽ കിടന്ന് എന്റെ എല്ലു നുറുങ്ങി. കള്ളക്കണക്കെഴുതിയെഴുതി കരിഞ്ചന്തക്ക് കൂട്ടുനിന്ന് ഞാനാകെ കറുത്തുപോയി.

രാഷ്ട്രീയക്കാരന്റെ പേന: (പ്രസംഗശൈലി) കച്ചവടക്കാരന് താൻ കച്ചവടം ചെയ്യുകയാണെന്ന് ബോധ്യമുണ്ട്. നിനക്കതീയുകയും ചെയ്യാം. എന്നാൽ എന്റെ നില നിങ്ങൾക്കറിയാമോ? ഒരു സാധാരണക്കാരന്റെ കയ്യിലായിരുന്നെങ്കിലെന്ന് ഞാനെത്ര കൊതിച്ചിട്ടുണ്ടെന്നോ?

സംഘം: ഓ, നിയൊരു നേതാവിന്റെ പേന. സാധാരണക്കാരല്ലെ പിന്നെ നിന്നെ കൈവശം വെക്ക്യാ.

രാഷ്ട്രീയ. പേന: അയാൾ സാധാരണക്കാരനായിരുന്നു പണ്ട്. സാധാരണക്കാരെ പററിച്ചുതന്നെ അയാൾ നേതാവായി. മന്ത്രിയായി.

സാഹിത്യ.പേന: പാവങ്ങൾ, ഒന്നുമറിയാത്തവർ, അവാർഡുകളും പദവികളും നേടിയെടുക്കാൻ കരുവായത് ഞാൻ. ലോകത്തിലെ അവസാനത്തെ തിന്മയും ഇല്ലാതാകുന്നതുവരെ പോരാടേണ്ടതിനുപകരം രണ്ടു പണത്തിനായി ഒററിക്കൊടുക്കുന്നതും എന്നെത്തന്നെ.

സംഘം: കഷ്ടം, കാലത്തിന്റെ ഒരു പോക്കേയ്.........

അധ്യാപകന്റെ പേന: കാലത്തിന്റെ പോക്കിനെക്കുറിച്ച് ശരിയായി അറിയുകയും അറിയിക്കുകയും ചെയ്യാൻ ബാധ്യസ്ഥനായ ഒരധ്യാപകന്റെ കയ്യിൽ ഹാജർ വെക്കുമ്പോഴും ശമ്പളം ഒപ്പിടുമ്പോഴും മാത്രം ജീവൻ വെക്കുന്ന എന്റെ സ്ഥിതിയോ?

രാഷ്ട്രീയ. പേന: അധ്യാപകർ രാഷ്ട്രശിൽപികളാണ് ജീവനുള്ള കുട്ടികളെ ജീവനുള്ള ഭൂമിയിൽ മനുഷ്യരായി ജീവിക്കാൻ പഠിപ്പിക്കേണ്ടവരാണ്.

സ്ലേററ് പെൻസിൽ: (ഞൊണ്ടിക്കൊണ്ടു പ്രവേശിക്കുന്നു)
"കാട്ടുമരത്തിൻ കൊമ്പുകൾതോറും
കയറാം മറിയാം ചാടാം
വാലാൽ ചില്ലത്തുമ്പിൽ ചുററി
മറിഞ്ഞു കിടന്നൊന്നാടാം

സംഘം: (കളിയാക്കി ചിരിക്കുന്നു)

സ്ലേററ് പെൻസിൽ: എന്നെ കളിയാക്കൊന്നും വേണ്ട. എൻെറ കൂട്ടുകാര് കൊച്ചുകുട്ടികളല്ലേ. അവരെന്നെ കടിക്കും, ഉരയ്ക്കും, പൊട്ടിക്കും. എന്നാലും എനിക്കവരെ ഇഷ്ടാ. എൻെറ കാല് ഒടിഞ്ഞാലും അവര് പഠിച്ച് വലുതാവുന്നുണ്ടല്ലോ.

സംഘം: (കളിയാക്കി) പക്ഷെ എല്ലാവരും അങ്ങനെ ആവണുണ്ടോ?

സ്ലേററ് പെൻസിൽ: എല്ലാവരും അങ്ങനെയാവണില്ലെങ്കിലും അതിനു വേണ്ടിയാ ഞാനൊക്കെ ശ്രമിക്കണ്. ദാ— ഇപ്പം തന്നെ കുട്ടിക്കാലത്ത് സ്കൂളിൽ പോകാൻ പററാത്തവര് അക്ഷരം പഠിക്കാൻ തുടങ്ങിയിട്ടുണ്ടത്രെ. ആ പാവങ്ങൾക്ക് ഇപ്പം വേണ്ടത് എന്നെയാണ്. അതുകൊണ്ട് ഞാൻ അവരുടെ അടുത്തേക്ക് പോകവാ.

(കച്ചവടക്കാരൻ പ്രവേശിക്കുന്നു.)

കച്ചവടക്കാരൻ: നിയ്യെവിടെ പോയിക്കെടക്കാ ശവീ— കണക്കെഴുതാൻ നേരത്ത് നോക്കിയപ്പം ആളുണ്ടോ സ്ഥലത്ത് ! വാ ഇവിടെ (പിടിക്കാൻ ചെല്ലുന്നു)

പെൻസിൽ: എന്നെ തൊട്ടുപോകരുത്! കുറെ കാലമായി നിങ്ങടെ വെരലിൻെറ എടയില് ഞെരിഞ്ഞിരുന്ന് ഞാൻ കള്ളക്കണക്കെഴുതി കൂട്ട്ണ്. കള്ളക്കണക്കും കരിഞ്ചന്തേം ഇല്ലാത്ത കച്ചോടക്കാര് വല്ലോരും ഉണ്ടെങ്കില് അവരുടെ അടുത്തു ഞാൻ ജീവിച്ചോളാം. അതും പററീല്ലെങ്കിൽ ഞാൻ തൂങ്ങിച്ചാവും.

☞

(സാഹിത്യകാരൻ വരുന്നു.)

സാഹിത്യകാരൻ: എൻെറ പ്രിയതൂലികേ.. നീ എങ്ങു പോയ് നാളെ അയച്ചുകൊടുക്കേണ്ട നാലു നോവലുകളുടെ നാല് അധ്യായങ്ങൾ ഇനിയും പൂർത്തിയാക്കാനുണ്ട്. എങ്കിലും എൻെറ മേശപ്പുറത്തു നിന്ന് നീ അപ്രത്യക്ഷമാവുകയോ?

പേന: അങ്ങനെ എങ്ങോട്ടെങ്കിലും ഓടിപ്പോകാൻ മാത്രം നിങ്ങടെ നോവലിലെ ഭീരുവായ കഥാനായികയൊന്നുമല്ല ഞാൻ

സാഹിത്യകാരൻ: ഇനി സമയം കളയാതെ എൻെറകൂടെ വരൂ. ചീത്തയായാൽ ഞാൻ ചന്തമുക്കിലെ ചട്ടമ്പിയാണ്.

പേന: അത് നിങ്ങടെ ആ പന്ന നോവലിൻെറ പേരല്ലേ. അത് പറഞ്ഞ് എന്നെ പേടിപ്പിക്കല്ലേ. ഞാനിനി ഏതെങ്കിലും തൻേറടമുള്ള എഴുത്തുകാരുണ്ടോ എന്നു നോക്കട്ടെ

(തൂലിക പോകുന്നു.)

സാഹിത്യകാരൻ: എൻെറ തൂലികേ...

രാഷ്ട്രീയ പേന: യജമാനന്മാർ അന്വേഷിച്ച് വരുംമുമ്പ് നമുക്കും സ്ഥലംവിടാം. നമ്മെ തിരിച്ചറിയുന്ന, നമ്മെ വഞ്ചിക്കാത്ത, ഈ ലോകത്തെ വഞ്ചിക്കാത്ത യഥാർഥ മനുഷ്യരെ തേടാം.

അധ്യാപകൻെറ പേന: അങ്ങിനെ ലക്ഷ്യബോധമില്ലാതെ പ്രതിഷേധിച്ചു പോയതുകൊണ്ട് കാര്യമില്ല. ആ സ്ലേററുപെൻസിൽ എത്ര സന്തോഷത്തോടുകൂടിയാണ് പോയത്. അവൾ പറഞ്ഞത് കേട്ടില്ലേ. അക്ഷരമറിയാത്ത ലക്ഷങ്ങളിലേക്കാണവൾ പോയത്. അവളുടെ ജീവിതം തീരുമ്പോഴേക്കും എഴുത്തു പഠിക്കുന്നവർക്ക് നിങ്ങളെയാണാവശ്യം. നമ്മൾ പോകേണ്ടത് അവരുടെ അടുത്തേക്കാണ്.

അക്ഷരദീപം കൈകളിലേന്തി
അജ്ഞത നീക്കാനുണരുന്നവരെ
നിങ്ങടെ കൈകളിലായുധമാവാൻ
ഞങ്ങൾ വരുന്നു ഞങ്ങൾ വരുന്നു.

BGVJ മലയാള ആവിഷ്കാരം
ടി.വി. വേണുഗോപാലൻ, എൻ. വേണുഗോപാലൻ
മുല്ലനേഴി

വ്യഭിചാരികൾ

മുല്ലനേഴി

(കോമാളി ചില സർക്കസ് അഭ്യാസങ്ങൾ കാണിക്കുന്നു. കാണികളെ വണങ്ങുന്നു.)

കോമാളി: തേക്കിൻകാട്ടിലെ...തേക്കിൻ കാട്ടിലെ

(പൊതുജനങ്ങൾ പ്രവേശിക്കുന്നു. വിവിധ പ്രതികരണങ്ങൾ, ജിജ്ഞാസ, ആകാംക്ഷ, അത്ഭുതം)

കോമാളി: തെക്കേ ഗോപുരനടയിൽ

(പോസ്ചെയ്തു നിൽക്കുന്നു. പൊതുജനങ്ങൾക്കു ഭക്തിയുടെ ഭാവം)

കോമാളി: തേച്ചിട്ടും തേച്ചിട്ടും തേമാനം വരാത്ത നാക്കും നാഭിയുമുള്ള നാലു യുവതി..

(ആകാംക്ഷ പൊതുജനങ്ങൾക്കു വർധിക്കുന്നു. അശ്ലീലം കേൾക്കുമ്പോഴുള്ള ആകാംക്ഷയാണ്.)

കോമാളി: അതെ, ജീവനുള്ള നാലു യുവതികളുടെ തല സ്വതന്ത്ര ഭാരതത്തിലെ നിയമപാലകർ മുണ്ഡനം ചെയ്യിച്ചൂപോലും.

പൊതുജനം: അങ്ങനെ തന്നെവേണം. നാണോം മാനോം ഇല്ലാത്ത വക.

പൊതു. 2: ശരീരം വിക്കണ ഇവറ്റോൾടെ തല മൂണ്ഡനം ചെയ്യല്ല, വെട്ട്വാണ് വേണ്ടത്. അശ്രീകരങ്ങള്.

പൊതു. 3: വേശ്യാവൃത്തി പാപാ. അതുചെയ്യണോർക്ക് ഇതുതന്ന്യാ ശിക്ഷ.

പൊതു. 4 : സാക്ഷാൽ പാറമേക്കാവു ഭഗവതിടെ തിരുമുമ്പീന്നല്ലേ— ഇവറ്റോൾക്ക് ഒക്കെ എന്താ ചെയ്യാൻ വയ്യാത്തത്!

☞

(ബഹളം വർധിക്കുന്നു. കുരവയും Drum heals ഉം അകമ്പടിയായി തല മൂടിയ 4 യുവതികൾ സാവധാനം കടന്നുവരുന്നു. ശബ്ദം നിലയ്ക്കുന്നു. പ്രതികരണങ്ങൾ.)

പൊതുജനം: ഈ വർഗത്തിനെ കണ്ടാൽ കുളിക്കണം (ചിരിക്കുന്നു)

കോമാളി: അതെ, തേക്കിൻകാട്ടിലെ തെക്കെ ഗോപുരനടയിൽ തേച്ചിട്ടും തേച്ചിട്ടും തേമാനം വരാത്ത നാക്കും നാഭിയുമുള്ള നാലു യുവതികളുടെ തല സ്വതന്ത്ര ഭാരതത്തിലെ നിയമപാലകർ മുണ്ഡനം ചെയ്യിച്ചുപോലും.

കോറസ്: അതെ ഇങ്ങനെ തന്നെയാ ഇവററകളെ ശിക്ഷിക്കേണ്ടത്. നശിച്ച പെൺവർഗം.

വ്യഭിചാരിണി: ഞങ്ങളെ അപരാധികളെന്നു വിളിച്ചോളൂ. പക്ഷെ ഞങ്ങളോടൊപ്പമുണ്ടായിരുന്നു ആണുങ്ങളോ? അവർ ചെയ്തതിലും വലിയ എന്തപരാധമാണ് ഞങ്ങൾ ചെയ്തത്?

കോറസ്: ഇനി ഇപ്പോ ആണുങ്ങളെ വേണോ ശിക്ഷിക്യാ

കോമാളി: മുണ്ഡനം ചെയ്താലും മുടി വളരും. മുണ്ഡനം ചെയ്യുന്നത് മുണ്ടഴിക്കാതിരിക്കാനാണ്. ഉം— മുണ്ടഴിക്കുന്നത് മുടികൊണ്ടാണല്ലോ!

വ്യഭി 1: ഒരു രാത്രി മുഴുവൻ മുലപ്പാലു കിട്ടാതെ എൻെറ കുഞ്ഞിൻെറ തൊണ്ടവററി വരണ്ടിട്ടുണ്ടാകും. എൻെറ മോനേ...

വ്യഭി 2: അത്താഴപ്പട്ടിണിയുമായി എന്നെ കാത്തിരിക്കുന്നവരാണ് എൻെറ വീട്ടുകാർ. അമ്മേ...

കോമാളി: മതി. അറിയുമോ. വിശന്നു വയറൊട്ടുമ്പോൾ മുറുക്കിയുടുത്ത മുണ്ട് താനെ അഴിയും. ആളിക്കത്തുന്ന വിശപ്പിൻെറ തീയിൽ സദാചാരം, സദാ ചാരമാകും.

കോറസ്: വിശന്നു വയറൊട്ടുമ്പോൾ ...(3)

കോമാളി: അപ്പോൾ മുണ്ടഴിപ്പിക്കുന്നത്

കോറസ്: അഴിപ്പിക്കുന്നത്?

കോമാളി: മുണ്ടഴിപ്പിക്കുന്നതാഹാരം

കോറസ്: മുണ്ടഴിപ്പിക്കുന്നതാഹാരം

കോമാളി: മുണ്ഡനം ചെയ്യിക്കുന്നതോ?

കോറസ്: മുണ്ഡനം ചെയ്യിക്കുന്നത്—

കോമാളി: മുണ്ഡനം ചെയ്യിക്കുന്നത് ആചാരം

കോറസ്: മുണ്ടഴിപ്പിക്കുന്നതാഹാരം
മുണ്ഡനം ചെയ്യിക്കുന്നതാചാരം

പോലീസുകാർ: ആരവിടെ ഛായ് എന്ത്? പകൽവെളിച്ചത്തിലും വ്യഭിചാരമോ. അതിനു കമ്മീഷൻ വേറെ കിട്ടണം.

പോലീസ് 1: ഒന്നു വിരട്ടിനോക്കാം. ഛായ് ആരവിടെ സർവതന്ത്ര സ്വതന്ത്ര പുണ്യപുരാതന ആർഷ ഭാരതത്തിൽ പകൽവെളിച്ചത്തിൽ വ്യഭിചാരമോ?

(പോലീസുകാർ വിരട്ടുന്നു)

പോലീസ് 2: ആശാനെ നോക്ക് ഇന്നു കാലത്ത് നമ്മൾ ശരിപ്പെടുത്തി വിട്ട കക്ഷികളാണല്ലോ.

കോമാളി: അതെ സാറെ അവർ തന്നെ.

പോലീസ്: യാർ നീ? ഏജൻെറന്ന നിലക്ക് നിന്നെ ഞങ്ങൾക്ക് പരിചയമില്ലല്ലോ.

കോമാളി: എനിക്ക് സാറന്മാരെ അറിയാം. എന്നാൽ ഇതു കുറച്ചു കൂടിപ്പോയി സാറെ

☞

പോലീസ്: വിഡ്ഢീ, നീ IPC എന്നു കേട്ടിട്ടുണ്ടോ? ഇന്ത്യൻ പീനൽ കോഡ്. ഇന്ത്യൻ ശിക്ഷാനിയമം അനുസരിച്ച് വ്യഭിചാരക്കുററത്തിന് ഒന്നാംപ്രതി സ്ത്രീയാണ്.

കോറസ്: സ്ത്രീ മാത്രമാകുന്നതെങ്ങനെ?

പോലീസ്1: ഛായ്, രണ്ടാംപ്രതി പ്രേരിപ്പിക്കുന്നവരാണ്.

പോലീസ് 2: മൂന്നാംപ്രതിയാണ് ആണുങ്ങൾ. ഇതിനൊക്കെ കിറുകൃത്യമായ നിയമങ്ങൾ ഉണ്ടെടെ..

കോമാളി: ആരാണ് സാറെ ഈ നിയമങ്ങൾ ഉണ്ടാക്കിയത്?

പോലീസ്: രാജ്യദ്രോഹം പറയുന്നോ? "അറററൻഷൻ"

കോറസ്: മുണ്ടഴിപ്പിക്കുന്നത് ആഹാരം
മുണ്ഡനം ചെയ്യിക്കുന്നതാചാരം

വ്യഭിചാരിണികൾ: ഞങ്ങളെക്കൊണ്ട് മുണ്ടഴിപ്പിക്കുന്നതാരാണ്?

കോമാളി: നിങ്ങൾക്ക് പട്ടിണി തന്നവർ നിങ്ങളെ ശിക്ഷിക്കാൻ നിയമം ഉണ്ടാക്കിയതും അവർ തന്നെ.
മുണ്ടഴിപ്പിക്കുന്നതും മുണ്ഡനം ചെയ്യിക്കുന്നതും ഒററ തുറുകണ്ണനായ ഒരാൾ തന്നെയാണെന്ന് അറിയുമ്പോൾ

കോറസ്: വ്യഭിചാരികൾ ആരാണ്?

നാടവിഷ്കാരം:
പ്രൊഫ. പി. ഗംഗാധരൻ

പറയാത്തവ

(സാറാജോസഫിൻെറ 'പറയാത്തവ' എന്ന കഥയെ ആസ്പദമാക്കി തയാറാക്കിയത്)

കോറസ് ഗൃഹാന്തർഭാഗവും ടെലിവിഷനും രൂപപ്പെടുത്തി നിൽക്കുന്നു. ടെലിവിഷൻ വാർത്തകൾ അവസാനഭാഗം.

വാർത്ത: അവസാനമായി പ്രധാനവാർത്തകൾ ഒരിക്കൽ കൂടി. പഞ്ചാബിൽ ബട്ടാലയ്ക്കടുത്ത് ഒരു ഗ്രാമത്തിൽ ഒരു കുടുംബത്തിലെ 6 അംഗങ്ങളെ തീവ്രവാദികൾ വെടിവെച്ചു കൊന്നു. കൊല്ലപ്പെട്ടവരിൽ 2 സ്ത്രീകളും 3 കുട്ടികളുമുണ്ടായിരുന്നു. ഇന്ത്യയുടെ ഐക്യവും, അഖണ്ഡതയും കാത്തു സൂക്ഷിക്കുവാൻ ഭാരതീയരെ രാഷ്ട്രപതി ആഹ്വാനം ചെയ്തു. വാർത്തകൾ കഴിഞ്ഞു. നമസ്കാരം.

അമ്മ: ഈ പഞ്ചാബ് എന്നു പറഞ്ഞാ എവട്യാ മോനേ?

മകൻ: ഉം, എന്തേ?

അമ്മ: എന്തിനാ അവിടെ എന്നുമെന്നും ങ്ങനെ ആൾക്കാരെ കൊല്ലണത്?

മകൻ: അതൊക്കെ വിഘടനവാദികളുടെ പണിയാണമ്മേ.

അമ്മ: ന്ന് പറഞ്ഞാ ആരാ?

മകൻ: ഇന്ത്യയിൽനിന്ന് വേറിട്ട് പോണംന്ന് പറയണോര്.

അമ്മ: അപ്പോ! ഈ ഇന്തീം പഞ്ചാബും തമ്മില് എന്താ ബന്ധം?

മകൻ: നല്ല ചോദ്യം. എങ്ങന്യാ അമ്മെ അത് പറഞ്ഞ് മനസ്സിലാക്കുന്നത്. അതൊക്കെ പത്രം വായിച്ചാലെ മനസ്സിലാവൂ. അതിന് അമ്മക്ക് പത്രം വായിക്കാനറിഞ്ഞിട്ടുവേണ്ടേ?

അമ്മേ:അതായത്.. ഈ ഇന്ത്യയും പഞ്ചാബും എന്നു പറഞ്ഞാല്.. അമ്മയ്ക്കതൊന്നും മനസ്സിലാവില്ല.

അമ്മ: (ആത്മഗതം) അമ്മയ്ക്കതൊന്നും മനസ്സിലാവില്ല.

കോറസ്: അമ്മക്ക് ഒന്നും മനസ്സിലാവില്ല (3 പ്രാവശ്യം)
(അമ്മ അകത്തേക്ക്)

2

(അച്ഛനും മകനും സംസാരിച്ചുകൊണ്ടു കടന്നുവരുന്നു)

അച്ഛൻ: നീ എന്തൊക്കെ പറഞ്ഞാലും ഈ സാക്ഷരതാപ്രവർത്തനത്തോട് യോജിക്കാൻ എനിക്കാവില്ല. സാക്ഷരത ഒരു വികസന പ്രവർത്തനമല്ല. വികസന പ്രവർത്തനങ്ങൾ ഉൽപാദന പരമായിരിക്കണം.

മകൻ: അച്ഛനെന്താ IMF ൻെറ ഭാഷ സംസാരിക്കുന്നത്?

അച്ഛൻ: ഞാനെൻെറ ഭാഷയിലാ സംസാരിക്കുന്നത്. നീയെന്താ ഈ IMF എന്നൊക്കെ പറയുന്നത്?

മകൻ: അച്ഛാ സാക്ഷരത മാത്രമല്ല ഏതു സാമൂഹ്യപ്രവർത്തനവും ഉൽപാദനപരമല്ല എന്നു പറയുന്നതു IMF ഉം ലോക ബാങ്കുമാണ്. അതുകൊണ്ട് ഇപ്പോൾ മൂന്നാം ലോകരാജ്യങ്ങളൊക്കെ അവരുടെ വിഭവങ്ങളും മനുഷ്യശേഷിയും ഉപയോഗപ്പെടുത്തിക്കൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന ഒരു ശൈലി വളർത്തിക്കൊണ്ടു വരികയാണ്. അതിനാണ് മൂന്നാം ലോകരാജ്യങ്ങളുടെ പുതിയ വികസനതന്ത്രം എന്നു പറയുന്നത്. IMF ൻെറ കടക്കെണിയിൽനിന്ന് രക്ഷപ്പെടണമെങ്കിൽ ഇന്ത്യയും അങ്ങനെ ചെയ്തേ പററു.

അച്ഛൻ: നിൻെറ ഈ തന്ത്രമൊന്നും ഇവിടെ നടക്കാൻ പോകുന്നില്ല.

മകൻ: അതു നമുക്കു കാണാലോ.

അമ്മ: ആയ്യോയ്, കാലത്ത് കാപ്പികുടീം കഴിഞ്ഞ് തൊടങ്ങിയതാണല്ലോ അച്ഛനും മകനും തമ്മില് തർക്കം. എടാ മോനേ, അച്ഛൻ ആരടെ ഭാഷ സംസാരിക്കുന്നൂന്നാ നീ പറഞ്ഞത്? കേക്കട്ടെ— ഒന്നുകൂടി പറഞ്ഞാ..

മകൻ: (ചിരിച്ചുകൊണ്ട്) IMF ൻെറ ഭാഷ

അമ്മ: ങ്ങേ... മഫനെന്നോ? അങ്ങനെ അച്ചനെ വിളിക്കാമ്പാടുണ്ടോ?

☞

മകൻ: ശ്ശോ. ഈ അമ്മയെ ഞാനെങ്ങന്യാ പറഞ്ഞു മനസ്സിലാക്കാ?

അച്ഛൻ: നാലക്ഷരം പഠിച്ചോർക്കുപോലും മനസ്സിലാവാത്ത കാര്യാ അവൻ പറയണത്— പിന്നല്ലേ സ്കൂളിൽ പോവാത്ത നിയ്യ്. അതുപോകട്ടെ ആ തേങ്ങാക്കാരൻ മാപ്പളവന്ന് തേങ്ങ കൊണ്ടുപോയില്ലെ? എത്രണ്ണമുണ്ടായിരുന്നു?

അമ്മ: എണ്ണം പിടിച്ചുവെച്ചിരുന്ന കല്ല് അങ്ങേലെ പിള്ളേര് എടുത്തു കളഞ്ഞു.

അച്ഛൻ: ങ്ങേ.. എണ്ണം പിടിച്ച് കല്ല് വെച്ചൂത്രെ. ചുക്കും ചുണ്ണാമ്പും അറിയാത്ത നിന്നെ അതേൽപിച്ച എന്നെ വേണം പറയാൻ

അമ്മ: ഞാൻ...

മകൻ: ഈ അമ്മേടെ ഒരു കാര്യം. അമ്മക്ക് ഒന്നും മനസ്സിലാവില്യ.

കോറസ്: അമ്മയ്ക്കൊന്നും മനസ്സിലാവില്ല

3

അച്ഛൻ: ഇതൊരു തലവേദനയായല്ലോ. ഇനിയെന്താപ്പൊരു പോംവഴി. ഛെ! നാലാളറിഞ്ഞാൽ നാണക്കേടല്ലേ

മകൻ: ഒരുവഴിയുണ്ടച്ഛാ! അമ്മേ! അമ്മേ!
(അമ്മ വരുന്നു) അമ്മയെ ഞാൻ പേരെഴുതി ഒപ്പിടാൻ പഠിപ്പിക്കട്ടെ.

അമ്മ: എന്തിനാ മോനേ
മകൻ: നാളെയല്ലേ അമ്മേ നമ്മടെ കെഴക്കേ പറമ്പിൻെറ രജിസ്ററ്. അമ്മ ഒപ്പിട്ടാലല്ലേ പററൂ. ഞാൻ പഠിപ്പിക്കാം.

അമ്മ: അയ്യോ അതും വിക്കാണോ? ഇനി അതുമാത്രമല്ലേ ഉള്ളൂ എൻെറ പേരില്? എന്തിനാ വിക്കണ്? എന്തുവിലയ്ക്ക്? ആർക്കാ?

അച്ഛൻ: അതൊന്നും നീയറിയേണ്ട. നിനക്കതൊന്നും മനസ്സിലാവില്യ. നീ രജിസ്ററാപ്പീസിൽവന്ന് ഒപ്പിട്ടാൽ മതി.

മകൻ: അമ്മ വരൂ. ഞാൻ പഠിപ്പിക്കാം.
അമ്മ: ഞാൻ വിരലൊപ്പിട്ടോളാം.

അച്ഛൻ: കോട്ടവിള രാജശേഖരൻ നായർ ഭാര്യക്ക് അക്ഷരമറിയില്ലെന്നു നാട്ടുകാരറിഞ്ഞാൽ......... അതിന്റെ നാണക്കേട് നിനക്കല്ല. എനിക്കും എന്റെ മക്കൾക്കുമാണ്.

മകൻ: അമ്മയ്ക്ക് അക്ഷരമറിയില്ലെന്ന് നാട്ടുകാരറിഞ്ഞാൽ ഞങ്ങൾക്കല്ലേ അമ്മേ അതിന്റെ നാണക്കേട്. അമ്മ വരൂ.

Still

കോറസ്: അമ്മയ്ക്ക് അക്ഷരമറിയില്ലെന്ന് നാട്ടുകാരറിഞ്ഞാൽ (3 പ്രാവശ്യം)

അമ്മ: അമ്മയ്ക്ക് അക്ഷരമറിയില്ലെന്നു നാട്ടുകാരറിഞ്ഞാൽ..........

4

സാക്ഷരതാ സംഘം വരുന്നു.

സംഘം: ഞങ്ങൾ എഴുത്തും വായനയും അറിയാത്ത ആൾക്കാരുടെ കണക്ക് എടുക്കാൻ വന്നതാ. അക്ഷരമറിയാത്ത എല്ലാവരീം എഴുത്തും വായനയും പഠിപ്പിക്കാനുള്ള പരിപാടി വരുന്നുണ്ട്. ഈ വീട്ടില് എഴുത്തും വായനീം അറിയാത്ത ആരെങ്കിലുമുണ്ടെങ്കിൽ പേരുവിവരം പറഞ്ഞുതരണം.

അമ്മ: ഇവിടെപ്പോ അങ്ങനെ ഞാൻ...

കോറസ്: അമ്മയ്ക്ക് അക്ഷരമറിയില്ലെന്ന് നാട്ടുകാരറിഞ്ഞാൽ (ആവർത്തിക്കുന്നു)

അമ്മ: എഴുത്തും വായനീം അറിയാത്തോരോ
ഇവിടെപ്പോ ആരാ അങ്ങനിള്ളോര്?

നാടകാവിഷ്കാരം
ടി.വി. വേണുഗോപാലൻ,
എൻ. വേണുഗോപാലൻ
കോട്ടക്കൽ മുരളി

യശോധര

മുല്ലനേഴി

യശോധര: പാതിമെയ്യാളെ പിരിഞ്ഞു സിദ്ധാർത്ഥൻ
പാതിരായ്ക്കെങ്ങോട്ടിറങ്ങി
കൊട്ടാരവാതിൽ കടന്നു സിദ്ധാർത്ഥൻ
ഒററയ്ക്കതെങ്ങോട്ടിറങ്ങി..

പാതിവഴിക്കു പേക്ഷിക്കാനോ നീയെന്നെ
പാണീ ഗ്രഹണം ചെയ്തു (humming)
സൂര്യനടർന്നൊരാകാശമായ്; ജന്മം
തീരണമെന്നോ നിയോഗം
അറിയേണ്ടതെല്ലാം അറിഞ്ഞില്ലതിൻ മുമ്പ്
പിരിയുവാൻ നീ ഉറച്ചെന്നോ
നിറയേണ്ടതെല്ലാം നിറഞ്ഞില്ലതിൻമുമ്പി
ലെരി തീയെനിക്കു നീ തന്നു.

ഭർത്താവു് ജീവിച്ചിരിക്കേ, വിധവയായ്
ഉൾത്താരു കത്തണമെന്നോ?
റാണിയാകാനില്ല മോഹം, നിൻമാനസ
റാണിയാകാനേ കൊതിച്ചൂ
കണ്ണുനീർ മുത്തു പതിച്ച കിരീടം
തന്നു നീ പോയതെങ്ങോ

സംഘം: സോദരീ യശോധരേ കേഴാതെ
നീ തിന്നുന്ന വേദനയറിയുന്നൂ സിദ്ധാർത്ഥൻ
അവൻ നിന്നെ പിരിഞ്ഞിട്ടില്ലവനെ കാൺക
ദുരിതത്തീയിൽ വേവും സഹജീവികൾക്കൊപ്പം
തെരുവീഥിയിൽ നിങ്ങുന്നു സിദ്ധാർത്ഥൻ
വിശപ്പാൽ മരിക്കുന്ന മാനവർക്കൊരേ ദുഃഖം
വിഷം തുപ്പിടും സ്വാർത്ഥമോഹത്തിന്നൊരേ മുഖം
മുടിങ്കോൽ പിടിക്കുന്നൊരിടയൻ കൊടുക്കുന്ന

മുടന്തൻ സ്വാതന്ത്ര്യത്തെ, കണ്ടു ദുഃഖിപ്പൂ സിദ്ധാർഥൻ
മണ്ണിന്റെ ഗന്ധം, വേർപ്പു മുത്തിന്റെ വില, സ്നേഹം
എന്നല്ല എന്തും പണത്തിന്റെ താഴെയായ് കാൺകെ
പൊയ്പ്പോയ സ്വാതന്ത്ര്യത്തെ, ഭൂമിതൻ സൗന്ദര്യത്തെ
വീണ്ടെടുക്കുവാനല്ലോ വീടുവിട്ടിറങ്ങുന്നു സിദ്ധാർഥൻ

ദേവദത്തന്മാർ വളരും ഭൂമിയിൽ
ജീവിത ദുഃഖം പെരുകും ഭൂമിയിൽ
ആയുധങ്ങൾ കുന്നു കൂടി ചൂഷണത്തിന്നൊരുങ്ങി
നിൽക്കുവതാരവർക്കൊരു
വെല്ലുവിളിയാൽ ബുദ്ധനെത്തുന്നു.
പ്രിയമെഴുന്നൊരു ഭാരതാംബ തളർന്നു നിൽക്കുമ്പോൾ
മഹിത മോക്ഷപദം വിരിക്കാൻ
സംഘമൊന്നേ ശരണമെന്നൊരു മാർഗമോതുന്ന
ബുദ്ധൻ മമത വിട്ടവനല്ല, സ്വന്തം കർമമറിയുന്നോൻ (സംഘം)
ഇന്നുനിൻ മിഴിനീർ തുടക്കുക, നീ തനിച്ചല്ലെന്നു മോർക്കുക
മന്നിനാകെ ശാന്തിയേകും പാതയിൽ പദമൂന്നി നീങ്ങുക
ഊഴിയിലൊരായിരം തീമലചുമന്നും
അറിയാത്ത വഴികളിൽ കാലിടറിവീണും
നിലവിളികൾ മുറിയുന്ന നെഞ്ചിനു കുളിരായ്
കരുണയുടെ വററാത്തൊരുറവനീളുന്നു
എന്റെ സ്വപ്നങ്ങളും ദുഃഖങ്ങളും
എന്റേതു മാത്രമല്ലെന്നറിയുന്നു
എന്നീ പ്രപഞ്ചം മനുഷ്യനു വീടാകു–
മന്നുവരെ നീളുന്നു പാതയിൽ പോക നാം.